## മധുരമായ കുട്ടികളെ - ഓർമ്മയിൽ കഴിഞ്ഞ് തന്റെ വികർമ്മങ്ങളുടെ പ്രായശ്ചിത്തം ചെയ്യൂ എങ്കിൽ വികർമാജീത്തായി മാറും, പഴയ എല്ലാ കണക്കുകളും ഇല്ലാതാകും

**ചോദ്യം:-** ഏത് കുട്ടികളിൽ നിന്ന് ഓരോ കാര്യത്തിന്റെയും ത്യാഗം സഹജമായി സംഭവിക്കുന്നു?
**ഉത്തരം:-** ഏതു കുട്ടികൾക്കാണോ ഉള്ളിൽ നിന്ന് വൈരാഗ്യം വരുന്നത് - അവർ ഓരോ കാര്യത്തിന്റെയും ത്യാഗം സഹജമായി തന്നെ ചെയ്യുന്നു, ഇത് ധരിക്കണം, ഇത് കഴിക്കണം, ഇത് ചെയ്യണം... നിങ്ങൾ കുട്ടികളുടെ ഉള്ളിൽ ഇപ്പോൾ ഇത്തരം ഇച്ഛകൾ ഉണ്ടാകാൻ പാടില്ല. ദേഹ സഹിതം മുഴുവൻ പഴയ ലോകത്തെ തന്നെ ത്യാഗം ചെയ്യണം. ബാബ വന്നിരിക്കുകയാണ്, ഉള്ളംകയ്യിലേക്ക് സ്വർഗ്ഗം നൽകുവാൻ അപ്പോൾ ഈ പഴയ ലോകത്തിൽ നിന്ന് ബുദ്ധിയോഗം മാറ്റണം.

**ഗീതം:-** മാതാ ഓ മാതാ.....

**ഓം ശാന്തി**. കുട്ടികൾ തന്റെ മാതാവിന്റെ മഹിമ കേട്ടു. ധാരാളം കുട്ടികളുണ്ട്, മനസ്സിലാക്കി തരികയാണ് അച്ഛനുണ്ടെങ്കിൽ തീർച്ചയായും അമ്മയുമുണ്ട്. രചന നടത്തുന്നതിന് മാതാവ് തീർച്ചയായും ഉണ്ടായിരിക്കും. ഭാരതത്തിൽ മാതാവിന് വളരെ നല്ല മഹിമ പാടപ്പെടുന്നു. വലിയ മേള ജഗദംബയുടേതാണ് നടക്കുന്നത്, പല പല പ്രകാരത്തിൽ മാതാവിന്റെ പൂജ നടക്കുന്നുണ്ട്. പിതാവിന്റെ പൂജയും നടന്നിരിക്കും. ഒന്ന് ജഗത് മാതാവാണെങ്കിൽ ഒന്ന് ജഗത് പിതാവാണ്. ജഗദംബ സാകാരത്തിലുണ്ടെങ്കിൽ ജഗത് പിതാവും സാകാരത്തിലുണ്ട്. ഇവർ രണ്ട് പേരെയും രചയിതാവെന്ന് തന്നെ പറയും. സാകാരമല്ലേ.*ഗോഡ് ഫാദറെന്ന്* പറയുന്നത് നിരാകരനെ തന്നെയാണ്. മാതാ പിതാവിന്റെ രഹസ്യവും മനസ്സിലാക്കി തന്നിരിക്കുന്നു. ചെറിയ മാതാവുമുണ്ട്, വലിയ മാതാവുമുണ്ട്. ചെറിയ മാതാവിന്റെ മഹിമയാണുള്ളത്, ദത്തെടുക്കുകയാണെങ്കിലും, മാതാവിനെയും ദത്തെടുക്കുകയാണ്, അങ്ങനെ ഇത് വലിയ മാതാവായി. എന്നാൽ മഹിമ മുഴുവനും ചെറിയ മാതാവിനാണ്.

ഇതും കുട്ടികൾക്കറിയാം ഓരോരുത്തർക്കും അവരവരുടെ കണക്കുപുസ്തകം തീർപ്പാക്കണം എന്തുകൊണ്ടെന്നാൽ വികർമ്മാജീത്തായിരുന്നു പിന്നീട് രാവണൻ വികർമ്മിയാക്കി. വിക്രമ സംവത്സരമുണ്ടെങ്കിൽ വികർമ്മങ്ങളെ ജയിച്ച സംവത്സരവുമുണ്ട്. ആദ്യത്തെ അരകൽപം വികർമ്മാ ജീത്തെന്ന് പറയും പിന്നീടുള്ള അരകൽപം വിക്രമസംവത്സരം ആരംഭിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ വികർമ്മങ്ങളുടെ മേൽ ജയം നേടി വികർമ്മാജീത്താകുന്നു. എന്തു പാപമാണോ ഉള്ളത് അതിന് യോഗ ബലത്തിലൂടെ പ്രായശ്ചിത്തം ചെയ്യുന്നു. പ്രായശ്ചിത്തം സംഭവിക്കുന്നത് യോഗബലത്തിലൂടെ മാത്രമാണ്. അതാണ് ബാബ മനസ്സിലാക്കി തരുന്നത് കുട്ടികളേ ഓർമ്മിക്കുകയാണെങ്കിൽ പാപങ്ങളുടെ പ്രായശ്ചിത്തം ഉണ്ടാകും അർത്ഥം കറ ഇല്ലാതായിപ്പോകും. തലയിൽ പാപങ്ങളുടെ വളരെയധികം ഭാരമുണ്ട്, ജന്മ-ജന്മാന്തരങ്ങളുടെ. മനസ്സിലാക്കി തന്നിട്ടുണ്ട് ആരാണോ *നമ്പർ വൺ* പുണ്യാത്മാവാകുന്നത് അവർ തന്നെയാണ് പിന്നീട് *നമ്പർ വൺ* പാപാത്മാവുമാകുന്നത്. അദ്ദേഹത്തിന് വളരെയധികം പ്രയത്നിക്കേണ്ടി വരും എന്തുകൊണ്ടെന്നാൽ അധ്യാപകനായി പഠിപ്പിക്കണമെങ്കിൽ തീർച്ചയായും പ്രയത്നിക്കേണ്ടിവരും. രോഗങ്ങളെല്ലാം വരികയാണെങ്കിൽ തന്റെ തന്നെ കർമ്മമെന്ന് പറയാറുണ്ട്. അനേകം ജന്മങ്ങളിൽ വികർമ്മങ്ങൾ ചെയ്തിട്ടുണ്ട്, ആ കാരണത്താൽ അനുഭവിക്കേണ്ടി വരും അതുകൊണ്ട് ഇതിൽ ഒരിക്കലും ഭയക്കരുത്. സന്തോഷത്തോടെ മറികടക്കണം കാരണം സ്വയം തന്നെ ചെയ്ത കർമ്മക്കണക്കാണ്. പ്രായശ്ചിത്തം ചെയ്യേണ്ടത് ഒരു ബാബയുടെ തന്നെ ഓർമ്മയിലൂടെയാണ്. ഏതുവരെ ജീവിക്കുന്നോ അതുവരെ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനാമൃതം കുടിക്കണം. യോഗത്തിൽ കഴിയണം, വികർമ്മങ്ങളുണ്ട് അതുകൊണ്ടാണ് ചുമയെല്ലാം ഉണ്ടാകുന്നത്. സന്തോഷമുണ്ടാകുന്നു, ഇവിടെ തന്നെ എല്ലാ കണക്കുകളും തീർപ്പാകട്ടെ, അവശേഷിച്ചാൽ പദവിയോടെ വിജയിക്കാൻ സാധിക്കില്ല. ശിക്ഷകളനുഭവിച്ച് മാപ്പ് ലഭിക്കുകയാണെങ്കിലും മാനക്ഷയമല്ലേ. അനേക പ്രകാരത്തിലുള്ള ദുഃഖം അനുഭവിക്കേണ്ടതുണ്ട്. ഇവിടെ അനേക പ്രകാരത്തിലുള്ള ദുഃഖത്തിനും അതിരില്ല. അവിടെ സുഖത്തിനും അതിരില്ല. പേര് തന്നെ സ്വർഗ്ഗം എന്നാണ്. ക്രിസ്ത്യാനികൾ *ഹെവൻ* എന്ന് പറയാറുണ്ട്. *ഹെവൻലി ഗോഡ് ഫാദർ,* ഈ കാര്യങ്ങളെ നിങ്ങൾക്കറിയാം. നിവൃത്തീ മാർഗ്ഗത്തിലുള്ള സന്യാസിമാരാണെങ്കിൽ ഇതെല്ലാം കാക്ക കാഷ്ടത്തിന് സമാനമായ സുഖമാണെന്ന് പറയുന്നു. ഈ ലോകത്തിൽ തീർത്തും അങ്ങനെ തന്നെയാണ്. ആർക്ക് എത്ര തന്നെ സുഖമുണ്ടാകട്ടെ എന്നാൽ അത് അൽപകാല സുഖമാണ്. സ്ഥായിയായ സുഖം തീർത്തും ഇല്ല. ഇരിക്കുന്ന ഇരിപ്പിൽ ആപത്തുകൾ വരുന്നു, *ഹൃദയനൈരാശ്യം വരുന്നു.* ആത്മാവ് ഒരു ശരീരം

ഉപേക്ഷിച്ച് അടുത്തതിൽ പോയി പ്രവേശിക്കുമ്പോൾ ശരീരം സ്വയം തന്നെ മണ്ണായി മാറുന്നു. മൃഗങ്ങളുടെ ശരീരം പിന്നെയും പ്രയോജനപ്പെടും, മനുഷ്യന്റേത് ഒന്നിലും തന്നെ പ്രയോജനപ്പെടില്ല. തമോപ്രധാന പതിത ശരീരം ഒന്നിനും തന്നെ ഉപകരിക്കില്ല, കക്കകൾക്ക് സമാനമാണ്. ദേവതകളുടെ ശരീരം വജ്ര സമാനമാണ്. അതുകൊണ്ട് നോക്കൂ അവർക്കെത്ര പൂജയാണ് നടക്കുന്നത്. ഈ വിവേകം ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ലഭിച്ചിരിക്കുന്നു.

ഇതാണ് പരിധിയില്ലാത്ത ബാബ, ആ ബാബ അതിപ്രിയങ്കരനാണ്, ആ ബാബയെയാണ് അരകൽപം ഓർമ്മിച്ചത്. ആരാണോ ബ്രാഹ്മണരാകുന്നത് – അവരാണ് ബാബയിൽ നിന്ന് സമ്പത്തെടുക്കുന്നതിന് അവകാശിയാകുന്നത്. സത്യമായ ബ്രാഹ്മണർ വളരെ പവിത്രമായിരിക്കണം. സത്യമായ ഗീതാ പഠിതാക്കൾ തീർച്ചയായും പവിത്രമായി കഴിയണം. ആ അസത്യ ഗീതാപാഠികൾ പവിത്രമായി കഴിയാറില്ല. ഗീതയിൽ എഴുതി വച്ചിട്ടുണ്ട് കാമം മഹാശത്രുവാണ്. എന്നിട്ടും സ്വയം ഗീത കേൾപ്പിക്കുന്നവർ പവിത്രമായി കഴിയുന്നതെവിടെ. ഗീതയാണ് സർവ്വ ശാസ്ത്രങ്ങളുടെയും ശിരോമണി, അതിലൂടെയാണ് ബാബ കക്കയിൽ നിന്ന് വജ്ര തുല്യമാക്കി മാറ്റിയത്. ഇതും നിങ്ങൾ മനസ്സിലാക്കുന്നുണ്ട്, ഗീത വായിക്കുന്നവർക്ക് മനസ്സിലാക്കാൻ സാധിക്കില്ല. അവർ തത്തയെ പോലെ വായിച്ചുകൊണ്ടേയിരിക്കുന്നു. മഹിമ മുഴുവനും ഒരാളുടേത് മാത്രമാണ് മറ്റൊരു വസ്തുവിനും മഹിമയില്ല. ബ്രഹ്മാ വിഷ്ണു ശങ്കരനുമില്ല. നിങ്ങൾ അവരുടെ മുന്നിൽ എത്ര തല കുമ്പിട്ടാലും, അവരുടെ മുന്നിൽ എത്ര ബലിയർപ്പിച്ചാലും സമ്പത്ത് ലഭിക്കുകയില്ല. കാശിയിൽ കാശീകൽവട്ട് നടത്താറില്ലേ. ഇപ്പോൾ *ഗവൺമെന്റ്* നിരോധിച്ചിട്ടുണ്ട്. അല്ലെങ്കിൽ ധാരാളം പേർ കാശീകൽവട്ട് നടത്തുമായിരുന്നു. കിണറിലേക്ക് പോയി ചാടിയിരുന്നു. ചിലർ ദേവിയിൽ ബലിയർപ്പണമായിരുന്നു, ചിലർ ശിവനിൽ. ദേവതകളിൽ ബലിയർപ്പണമാകുന്നതു കൊണ്ട് യാതൊരു നേട്ടവുമില്ല. കാളിയിൽ ബലിയർപ്പണമാകുന്നു, കാളിയെ എത്രത്തോളമാണ് കറുപ്പിച്ചിരിക്കുന്നത്. ഇപ്പോൾ എല്ലാവരും ഇരുമ്പുയുഗികളാണ്, മുൻപ് സ്വർണ്ണിമ യുഗികളായിരുന്നു. അംബയെന്ന് ഒരാളെയാണ് പറയുന്നത്. പിതാവിനെ ഒരിക്കലും അംബയെന്ന് പറയില്ല. ഇപ്പോൾ ഇത് ആർക്കും തന്നെ അറിയില്ല. ജഗദംബ സരസ്വതി ബ്രഹ്മാവിന്റെ പുത്രിയാണ്. ബ്രഹ്മാവ് തീർച്ചയായും പ്രജാപിതാവ് തന്നെയായിരിക്കും. സൂക്ഷ്മ വതനത്തിലായിരിക്കില്ല. മനസ്സിലാക്കുന്നുമുണ്ട് സരസ്വതി ബ്രഹ്മാവിന്റെ മകളാണ്. ബ്രഹ്മാവിന്റെ ഭാര്യയെക്കുറിച്ച് പറയുന്നില്ല. ബാബ മനസ്സിലാക്കി തരുന്നു, ഞാൻ ഈ ബ്രഹ്മാവിലൂടെ മകളായ സരസ്വതിയെ ദത്തെടുക്കുന്നു. മകളും മനസ്സിലാക്കുന്നുണ്ട്, ബാബ ദത്തെടുത്തിരിക്കുന്നു. ബ്രഹ്മാവിനെയും ദത്തെടുത്തിരിക്കുകയാണ്. ഇത് വളരെ ഗഹനമായ കാര്യമാണ്, ഇത് ആരുടെയും തന്നെ ബുദ്ധിയിലില്ല. ബാബയിരുന്ന് തന്റെ രഹസ്യവും നിങ്ങൾക്ക് നൽകുന്നു, അത് തീർച്ചയായും സന്മുഖത്ത് തന്നെയല്ലേ നൽകുക. പ്രേരണയിലൂടെ നൽകില്ല. ഭഗവാനുവാച അല്ലയോ കുട്ടികളേ.... ഇതിന് തീർച്ചയായും സാകാരത്തിലേക്ക് വരണം അപ്പോഴല്ലേ പറയാൻ സാധിക്കുക, നിരാകാരനായ ബാബ ഇദ്ദേഹത്തിലൂടെ ഇരുന്ന് പഠിപ്പിക്കുന്നു, ബ്രഹ്മാവല്ല പഠിപ്പിക്കുന്നത്. ബ്രഹ്മാവിനെ ജ്ഞാന സാഗരനെന്ന് പറയില്ല, ഒരേയൊരു ബാബയെ മാത്രമാണ് പറയുന്നത്. ആത്മാവിനറിയാം ഇത് ലൗകിക അച്ഛനല്ല പഠിപ്പിക്കുന്നത്, പാരലൗകിക അച്ഛനിരുന്നാണ് പഠിപ്പിക്കുന്നത്, ആരിൽ നിന്നാണോ സമ്പത്ത് എടുത്തുകൊണ്ടിരിക്കുന്നത്. വൈകുണ്ഠത്തെ പരലോകമെന്ന് പറയില്ല. അത് അമരലോകമാണ്, ഇതാണ് മൃത്യുലോകം. പരലോകം അർത്ഥം എവിടെയാണോ നമ്മൾ ആത്മാക്കൾ വസിക്കുന്നത്, ഇത് പരലോകമല്ല. നമ്മൾ ആത്മാക്കൾ ഈ ലോകത്തിലേക്ക് വരുന്നു. പരലോകം നമ്മൾ ആത്മാക്കളുടെ ലോകമാണ്. നിങ്ങൾ രാജ്യം ഭരിച്ചത് ഈ ഭാരതത്തിലാണ്, പരലോകത്തിലല്ല. പരലോകത്തിലെ രാജാവെന്ന് പറയില്ല. പറയുന്നു ലോകം പരലോകം ശാന്തമാണ്. ഇതാണ് സ്ഥൂല ലോകം, ശാന്തമാകുന്നത് പരലോകമാണ്. ഇതേ ഭാരതം വൈകുണ്ഠമായിരുന്നു വീണ്ടുമാകും. ഇതാണ് മൃത്യു ലോകം, ലോകത്തിൽ വസിക്കുന്നത് മനുഷ്യരാണ്. വൈകുണ്ഠ ലോകത്തിലേക്ക് പോകണമെന്ന് പറയാറുണ്ട്. ദിൽവാഡാ ക്ഷേത്രത്തിലും താഴെ തപസ്യയിൽ ഇരിക്കുന്നുണ്ട്. മുകളിൽ വൈകുണ്ഠത്തിന്റെ ചിത്രങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. മനസ്സിലാക്കുന്നു അവരെല്ലാം വൈകുണ്ഠം പൂകി. എന്നാൽ വൈകുണ്ഠമുള്ളത് ഇവിടെ തന്നെയാണ്, മുകളിലല്ല. ഇന്നിത് പതിത ലോകമാണ്, അത് പിന്നീട് പാവന ലോകമാകും. പാവനലോകമായിരുന്നു, ഇപ്പോൾ കടന്ന് പോയിരിക്കുന്നു, അതുകൊണ്ടാണ് പരലോകമെന്ന് പറയുന്നത്. മറഞ്ഞ് പോയില്ലേ. ഭാരതം സ്വർഗ്ഗമായിരുന്നു, ഇപ്പോൾ നരകമാണ് അർത്ഥം സ്വർഗ്ഗമിപ്പോൾ അന്യ(പര)മായി പോയില്ലേ. വീണ്ടും *ഡ്രാമയനുസരിച്ച്* വാമമാർഗ്ഗത്തിലേക്ക് പോകുമ്പോൾ സ്വർഗ്ഗം അന്യമാകുന്നു അതുകൊണ്ടാണ് പരലോകമെന്ന് പറയുന്നത്.

ഇപ്പോൾ നിങ്ങൾ പറയുന്നു നമ്മൾ ഇവിടെ വന്ന് പുതിയലോകത്തിൽ വീണ്ടും നമ്മുടെ രാജ്യഭാഗ്യം അനുഭവിക്കും. ഓരോരുത്തരും അവരവർക്ക് വേണ്ടി പുരുഷാർത്ഥം ചെയ്യുന്നു. ആര് ചെയ്യുമോ അവർ നേടും. എല്ലാവരും ചെയ്യില്ല. ആര് പഠിക്കുകയും എഴുതുകയും ചെയ്യുന്നോ അവർ വൈകുണ്ഠത്തിലെ

ചക്രവർത്തി അർത്ഥം അധികാരിയാകും. നിങ്ങൾ ഈ സൃഷ്ടിയെ സ്വർണ്ണത്തിന്റേതാക്കുന്നു. പറയാറില്ലേ – ദ്വാരക സ്വർണ്ണത്തിന്റേതായിരുന്നു പിന്നീട് സമുദ്രത്തിനടിയിലേക്ക് പോയി. അവിടെ നിന്ന് പൊക്കികൊണ്ടുവരാൻ ആരും ഇരിക്കുന്നില്ലല്ലോ. ഭാരതം സ്വർഗ്ഗമായിരുന്നു, ദേവതകളുടെ രാജ്യമായിരുന്നു. ഇപ്പോൾ ഒന്നും തന്നെയില്ല. വീണ്ടും എല്ലാം സ്വർണ്ണത്തിന്റേതായി ഉണ്ടാക്കേണ്ടിവരും. അവിടെ സ്വർണ്ണത്തിന്റെ കൊട്ടാരം തനിയേ പൊങ്ങി വരികയല്ല, എല്ലാം ഉണ്ടാക്കേണ്ടതായി വരും. നമ്മൾ രാജകുമാരനും രാജകുമാരിയുമായിക്കൊണ്ടിരിക്കുകയാണ് ഈ ലഹരി ഉണ്ടായിരിക്കണം. ഇത് രാജകുമാരനും– രാജകുമാരിയുമാകുന്നതിനുള്ള *കോളേജാണ്.* അത് രാജകുമാരനും രാജകുമാരിയും ആകാനുള്ള *കോളേജാണ്.* നിങ്ങൾ രാജ്യപദവി നേടുന്നതിന് വേണ്ടി പഠിച്ചുകൊണ്ടിരിക്കുന്നു. അവർ മുൻജന്മത്തിൽ ദാന–പുണ്യം ചെയ്യുന്നതിലൂടെ രാജാവിന്റെ വീട്ടിൽ ജന്മമെടുത്ത് രാജകുമാരനാകുന്നു. ആ *കോളേജ്* എത്ര നല്ലതായിരിക്കും. എത്ര നല്ല *കോച്ചുകളെല്ലാം* ഉണ്ടായിരിക്കും. ടീച്ചർമാർക്ക് പോലും നല്ല *കോച്ചുണ്ടായിരിക്കും.* സത്യയുഗ ത്രേതായിൽ ആര് രാജകുമാരനും രാജകുമാരിയുമാകുന്നോ അവരുടെ *കോളേജ്* എത്ര നല്ലതായിരിക്കും. *കോളേജിൽ* തീർച്ചയായും പോയിട്ടുണ്ടായിരിക്കില്ലേ. ഭാഷ പഠിക്കണ്ടേ. ആ സത്യയുഗീ രാജകുമാരീ രാജകുമാരൻമാരുടെ *കോളേജും* ദ്വാപരത്തിലെ വികാരീ രാജകുമാരൻ രാജകുമാരിമാരുടെ കോളേജും നോക്കൂ ഒപ്പം നിങ്ങൾ രാജകുമാരനും രാജകുമാരിയുമാകുന്ന കോളേജും നോക്കൂ, എത്ര സാധാരണമാണ്. മൂന്നടി മണ്ണ് പോലും ലഭിക്കുന്നില്ല. നിങ്ങൾക്കറിയാം അവിടെ രാജകുമാരനും കുമാരിയും എങ്ങനെയാണ് *കേളേജിൽ* പോകുന്നതെന്ന്. അവിടെ നടക്കേണ്ടതായി പോലും വരില്ല. കൊട്ടാരത്തിൽ നിന്നിറങ്ങിയതും *വിമാനം* പറന്നു. അവിടുത്തെ *കോളേജ്* എത്ര നല്ലതായിരിക്കും. എത്ര മനോഹരങ്ങളായ ഉദ്യാനങ്ങളും കൊട്ടാരങ്ങളുമായിരിക്കും. അവിടുത്തെ ഓരോ വസ്തുവും പുതിയതും ഏറ്റവും ഉയർന്നതും *നമ്പർ വണ്ണുമായിരിക്കും.* 5 തത്വങ്ങളും തന്നെ സതോപ്രധാനമാകുന്നു. ആരാണ് നിങ്ങളുടെ സേവനം ചെയ്യുക? ഈ 5 തത്വങ്ങളും ഏറ്റവും നല്ല പദാർത്ഥങ്ങൾ നിങ്ങൾക്കായി ഉൽപാദിപ്പിക്കും. എപ്പോഴെങ്കിലും ഏതെങ്കിലും വിളവ് വളരെ നല്ല ഫലം നൽകുകയാണെങ്കിൽ അത് രാജാവിനും റാണിക്കും സമ്മാനിക്കും. ഇവിടെ ഏറ്റവും ഉയർന്നത് നിങ്ങളുടെ അച്ഛൻ ശിവബാബയാണ്, ആ ബാബയെ നിങ്ങൾ എന്ത് കഴിപ്പിക്കും! ബാബ ഒരു വസ്തുവിന്റെയും ഇച്ഛ വയ്ക്കുന്നില്ല, ഇത് ധരിക്കണം, ഇത് കഴിക്കണം, ഇത് ചെയ്യണം.... നിങ്ങൾ കുട്ടികൾക്കും ഇത്തരം ഇച്ഛകൾ ഉണ്ടായിക്കരുത്. ഇവിടെ ഇതെല്ലാം നടത്തുകയാണെങ്കിൽ അവിടെ അത് കുറഞ്ഞ് പോകും. ഈ സമയം മുഴുവൻ ലോകത്തെയും ത്യാഗം ചെയ്യണം. ദേഹ സഹിതം എല്ലാത്തിന്റെയും ത്യാഗം. വൈരാഗ്യം വരികയാണെങ്കിൽ ത്യാഗം സംഭവിക്കുന്നു.

ബാബ പറയുന്നു ഞാൻ നിങ്ങൾ കുട്ടികൾക്ക് ഉള്ളംകയ്യിൽ സ്വർഗ്ഗം നൽകുവാൻ വന്നിരിക്കുന്നു. ബാബ നമ്മുടേതാണെന്ന് നിങ്ങൾക്കറിയാം, എങ്കിൽ തീർച്ചയായും ബാബയെ ഓർമ്മിക്കണം. കന്യകയുടെ വിവാഹ നിശ്ചയം കഴിഞ്ഞാൽ അല്ലെങ്കിൽ സ്നേഹം ചേർന്ന് കഴിഞ്ഞാൽ ഞാൻ പതിയെ ഓർമ്മിക്കുന്നില്ല എന്ന് ഒരിക്കലും പറയില്ല, എന്തുകൊണ്ടെന്നാൽ അത് ജീവിത പുരുഷനാകുന്നു. അതുപോലെ ബാബയും കുട്ടികളുടെ പുരുഷനാണ്. എന്നാൽ മായ മറപ്പിക്കുന്നു. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ, സമ്പത്തിനെ ഓർമ്മിക്കൂ. ഇതിൽ മുക്തിയും ജീവിത–മുക്തിയും വരുന്നു. എന്നിട്ടും എന്തുകൊണ്ടാണ് നിങ്ങൾ മറന്ന് പോകുന്നത്! ഇതിൽ ബുദ്ധിയുടെ ജോലിയാണുള്ളത്, നാവ് കൊണ്ട് പോലും ഒന്നും പറയേണ്ടതില്ല, നിശ്ചയം വെക്കണം. നമുക്കറിയാം, പവിത്രമായി പവിത്ര ലോകത്തിന്റെ സമ്പത്തെടുക്കും. ഇതിൽ മനസ്സിലാക്കേണ്ട കാര്യമാണ്, പറയേണ്ട കാര്യമില്ല. ഞാൻ ബാബയുടേതായിരിക്കുന്നു. ശിവബാബ പതിതരെ പാവനമാക്കുന്നവനാണ്. പറയുന്നു എന്നെ ഓർമ്മിച്ചുകൊണ്ടേയിരിക്കൂ. ഇതിന്റെ അർത്ഥം തന്നെയാണ് മൻമനാഭവ. അവർ പിന്നീട് കൃഷ്ണ ഭഗവാനുവാചയെന്ന് എഴുതി വച്ചു. പതിത–പാവനൻ ഒരാളാണ്. സർവ്വരുടെയും സദ്ഗതി ദാതാവും ഒന്നാണ്, ഒരാളെ തന്നെയാണ് ഓർമ്മിക്കേണ്ടത്. പറയുന്നു, പിതാവായ എന്നെ ഒരാളെ മറന്നത് കാരണം എത്ര പേരെയാണ് ഓർമ്മിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ നിങ്ങൾ എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മാജീത്ത് രാജാവാകും. വികർമ്മാജീത്ത് രാജാവിന്റെയും വിക്രമ രാജാവിന്റെയും വ്യത്യാസവും പറഞ്ഞ് തന്നിട്ടില്ലേ. പൂജ്യരിൽ നിന്ന് പൂജാരിയാകുന്നു. താഴേക്ക് വരിക തന്നെ വേണം. വൈശ്യവംശം പിന്നീട് ശൂദ്ര വംശം. വൈശ്യ വംശിയാകുക അർത്ഥം വാമമാർഗ്ഗത്തിലേക്ക് വരിക. ചരിത്രവും ഭൂമിശാസ്ത്രവും മുഴുവൻ ബുദ്ധിയിലുണ്ട്, ഇതിൻമേൽ കഥകളും ധാരാളമുണ്ട്. അവിടെ മോഹത്തിന്റെയും കാര്യം ഉണ്ടായിരിക്കില്ല. കുട്ടികളെല്ലാം വളരെ ആനന്ദത്തിലായിരിക്കും കഴിയുന്നത്, സ്വാഭാവികമായി നല്ല രീതിയിൽ വളരുന്നു. ദാസ ദാസിമാർ മുന്നിൽ ഉണ്ടായിരിക്കുക തന്നെ ചെയ്യും. എങ്കിൽ സ്വന്തം ഭാഗ്യത്തെ നോക്കൂ, നമ്മൾ ഇങ്ങനെയുള്ള *കോളേജിലാണ്* ഇരിക്കുന്നത് ഇവിടെ നിന്ന് നമ്മൾ ഭാവിയിലെ രാജകുമാരനും രാജകുമാരിയുമാകുന്നു. അന്തരം അറിയില്ലേ. ഒന്ന് കലിയുഗീ രാജകുമാരനും കുമാരിയും, ഒന്ന് സത്യയുഗീ രാജകുമാരനും കുമാരിയും... അവർ മഹാരാജാ–മഹാറാണി,

ഇവർ രാജാ–റാണി. വളരെ പേർക്ക് പേരുമുണ്ട് ലക്ഷ്മീ– നാരായണനെന്നും, രാധാ–കൃഷ്ണനെന്നും . പിന്നീട് ആ ലക്ഷ്മീ–നാരായണന്റെയും, രാധാ–കൃഷ്ണന്റെയും പൂജ എന്തിനാണ് ചെയ്യുന്നത്! പേര് ഒന്ന് തന്നെയല്ലേ. അതെ, അവർ സ്വർഗ്ഗത്തിന്റെ അധികാരികളായിരുന്നു. ഇപ്പോൾ നിങ്ങൾക്കറിയാം ഈ ജ്ഞാനം, ശാസ്ത്രങ്ങളിലില്ല. ഇപ്പോൾ യജ്ഞ,തപ,ദാന,പുണ്യങ്ങളിൽ യാതൊരു സാരവുമില്ലെന്ന് നിങ്ങൾ മനസ്സിലാക്കിയിരിക്കുന്നു. ഡ്രാമയനുസരിച്ച് ലോകത്തിന് പഴയതാകുക തന്നെ വേണം. മാനവരാശിക്ക് തമോപ്രധാനമാകുക തന്നെ വേണം. ഓരോ കാര്യത്തിലും തമോപ്രധാനം, ക്രോധം, ലോഭം, എല്ലാത്തിലും തമോപ്രധാനം. നമ്മുടെ അതിർത്തിയിൽ ഇവർ എന്തിനാണ് പ്രവേശിച്ചത്, വെക്കൂ വെടി. എത്ര കലാപമാണുണ്ടാക്കുന്നത്, പരസ്പരം എത്രയാണ് കലഹിക്കുന്നത്. പരസ്പരം കൊല നടത്താൻ പോലും സമയമെടുക്കുന്നില്ല. അച്ഛൻ എങ്ങനെയെങ്കിലും മരിച്ചാൽ സമ്പത്ത് ലഭിക്കുമല്ലോ എന്നാണ് മകൻ ചിന്തിക്കുന്നത്..... ഇങ്ങനെയുള്ള തമോപ്രധാന ലോകത്തിന്റെ വിനാശം ഇപ്പോൾ ഉണ്ടാകുക തന്നെ വേണം. സതോപ്രധാന ലോകം വീണ്ടും വരും. ശരി –

മധുര മധുരമായ തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം –

1) പുണ്യ ആത്മാവാകുന്നതിന് ഓർമ്മയുടെ പരിശ്രമം ചെയ്യണം. എല്ലാ കണക്കുകളും സമാപ്തമാക്കി പദവിയോടെ വിജയിച്ച് അന്തസോടെ പോകണം, അതുകൊണ്ട് കർമ്മഫലത്തെ ഭയപ്പെടരുത്, സന്തോഷത്തോടെ തീർക്കണം.

2) നമ്മൾ ഭാവിയിലെ രാജകുമാരനും കുമാരിയുമായിക്കൊണ്ടിരിക്കുകയാണ് സദാ ഈ ലഹരിയിൽ കഴിയണം. ഇതാണ് രാജകുമാരനും–രാജകുമാരിയുമാകുന്നതിനുള്ള *കോളേജ്*.

### വരദാനം – അചഞ്ചലമായ സ്ഥിതിയിലൂടെ മാസ്റ്റർ ദാതാവാകുന്ന വിശ്വമംഗളകാരി ഭവ

ആർക്കാണോ അചഞ്ചലസ്ഥിതിയുള്ളത് അവർക്കുള്ളിൽ ഇതേ ശുഭഭാവനയും ശുഭകാമനയും ഉടലെടുക്കുന്നു, ഇവരും അചഞ്ചലരാകട്ടെ. അചഞ്ചലസ്ഥിതിയുള്ളവരുടെ വിശേഷഗുണമായിരിക്കും– ദയാമനസ്കത. ഓരോ ആത്മാവിനോടും സദാ ദാതാ ഭാവം ഉണ്ടാകും. അവരുടെ വിശേഷ ടൈറ്റിൽ തന്നെയായിരിക്കും വിശ്വമംഗളകാരി. അവരുടെയുള്ളിൽ ഒരാത്മാവിനോടും വെറുപ്പിന്റെ ഭാവമോ, വിദ്വേഷത്തിന്റെ ഭാവമോ, അസൂയയുടെ ഭാവമോ നിന്ദയുടെ ഭാവമോ ഉടലെടുക്കുകയില്ല. സദാ മംഗളഭാവമായിരിക്കും.

### സ്ലോഗൻ – ശാന്തിയുടെ ശക്തി തന്നെയാണ് അന്യരുടെ ക്രോധ അഗ്നിയെ അണയ്ക്കാനുള്ള സാധനം